## റൂളിംഗ്

മി. സ്പീക്കർ: ബഹുമാനപ്പെട്ട മാത്യു റ്റി. തോമസ് ഉന്നയിച്ച പ്രശ്നം, കേന്ദ്രനിയമങ്ങൾക്കുള്ള സംസ്ഥാന ഭേദഗതി ബില്ലുകൾ നിയമസഭയിൽ അവതരിപ്പിക്കുമ്പോൾ കേന്ദ്രസർക്കാരിന്റെ അനുമതി വാങ്ങണം എന്ന 03-08-1972-ലെ നിർദ്ദേശം ഇപ്പോൾ നിലവിലില്ല. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 30-03-2010-ലെ കത്ത് മുഖാന്തരം ഇപ്രകാരം അനുമതി വാങ്ങേണ്ടതില്ല എന്ന കാര്യം അറിയിച്ചിട്ടുണ്ട്. 2015-ലെ ഹിന്ദു പിൻതുടർച്ച (കേരള ഭേദഗതി) ബിൽ പോലുള്ള ബില്ലുകൾ നിയമസഭയിൽ അവതരിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിന്റെയോ രാഷ്ട്രപതിയുടെയോ മുൻകൂർ അനുമതി തേടണമെന്ന വ്യവസ്ഥ ഭരണഘടനയിലും ഇല്ല. ഈ ബില്ലിലെ വിഷയം ഭരണഘടനയുടെ സമവർത്തി ലിസ്റ്റിൽ ഉൾപ്പെട്ട വിഷയമായതിനാൽ ബിൽ നിയമസഭ പാസ്സാക്കിയശേഷം രാഷ്ട്രപതിയുടെ അനുമതിക്ക് അയച്ചാൽ മതിയാകുന്നതാണ്. ഈ സാഹചര്യത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ വിശദീകരണത്തിന്റെ വെളിച്ചത്തിലും ശ്രീ. മാത്യു. റ്റി. തോമസ് ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

ശ്രീ. ജി. സുധാകരൻ: സർ, ആർബിട്രറിയായിട്ടല്ല പറയേണ്ടത്.

കൺവിൻസിംഗായി പറയണം. ഭരണഘടനയിൽ പറയുന്നത്, കേന്ദ്രത്തിലുള്ള ഒരു കാര്യത്തിന് വിരുദ്ധമായി അതേ വിഷയത്തിൽ നിയമസഭയിൽ പാസ്സാക്കാൻ പാടില്ല. ഇക്കാര്യത്തിൽ അംഗീകാരം വാങ്ങണമെന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ വാങ്ങണം. ഇല്ലെങ്കിൽ വേണ്ട. ഇവിടെ അംഗീകാരം ആവശ്യമല്ലാത്തതാണോ എന്നതാണ് പറയേണ്ടത്. പ്രസിഡന്റിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങേണ്ട കാര്യമില്ലെങ്കിൽ അതാണ് പറയേണ്ടത്. അല്ലാതെ കത്ത് എന്താണ്; കേന്ദ്രഗവൺമെന്റ് എത്ര കത്തുകൾ വേണമെങ്കിലും അയയ്ക്കും. അതിനെന്ത് വിലയാണുള്ളത്? മന്ത്രിമാർ തന്നെ മാറിക്കൊണ്ടിരിക്കുകയാണ്. അതൊന്നും ശരിയായ കാര്യമല്ല. കൺവിൻസിംഗായും കോൺസ്റ്റിറ്റ്യൂഷണലായും പറയണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ജി. സുധാകരൻ, ഇത് നിയമസഭ പാസ്സാക്കിയതിനുശേഷം മാത്രമേ കേന്ദ്രഗവൺമെന്റിന് പരിഗണിക്കേണ്ട ആവശ്യമുള്ളൂ. നിയമസഭ പാസ്സാക്കുന്നതിനുമുമ്പ് അവരുടെ അനുവാദം വാങ്ങേണ്ട ആവശ്യമില്ല.

ശ്രീ. ജി. സുധാകരൻ: സർ, തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അംഗസംഖ്യ മൂന്നുപേർ എന്നുള്ളത് ഏഴുപേർ എന്നാക്കി മാറ്റുന്നതിനായി ഇന്ത്യൻ പ്രസിഡന്റിന് അയച്ച് അംഗീകാരം വാങ്ങിയശേഷമാണ് ഇവിടെ കൊണ്ടുവന്നത്.

രാജവാഴ്ച കാലത്ത് ബ്രിട്ടീഷ് ഗവൺമെന്റിന്റെ കാലത്ത് പാസ്സാക്കിയതാണ് അത്.

മി. സ്പീക്കർ: അങ്ങനെ ചെയ്തത് ഏത് വർഷത്തിലാണ്?

ശ്രീ. ജി. സുധാകരൻ: സർ, കേന്ദ്രസർക്കാരിന്റെ കത്തൊന്നും ഇവിടെ പ്രശ്നമല്ല. ഞാൻ അത് കണക്കിലെടുക്കുന്നില്ല. കത്തിലെന്താണ് കാര്യം; കോൺസ്റ്റിറ്റ്യൂഷൻ ഭേദഗതി ചെയ്യാൻ ഒരു മന്ത്രിക്കെന്താണ് കാര്യം; അങ്ങ് കത്തിന്റെ കാര്യം പറഞ്ഞതുകൊണ്ടാണ് ഞാൻ ഇത് ഉന്നയിക്കുന്നത്. കത്തിലെന്താണ് കാര്യം?

മി. സ്പീക്കർ: 2010-ലാണ് കേന്ദ്രഗവൺമെന്റിന്റെ ഡയറക്ഷൻ വന്നത്.

ശ്രീ. ജി. സുധാകരൻ: സർ, കോൺസ്റ്റിറ്റ്യൂഷന്റെ കാര്യത്തിൽ ഒരു മന്ത്രിക്കെന്താണ് കാര്യം; അക്കാര്യമാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. മന്ത്രിയുടെ കത്തിന്റെ പ്രശ്നമാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട ജി. സുധാകരൻ പറഞ്ഞത് ഈ നിയമം പ്രായോഗികതലത്തിൽ വരണമെങ്കിൽ രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കണം. പാസ്സാക്കുന്നതിനുമുമ്പ് അനുമതി വാങ്ങേണ്ടതില്ല. ഓർഡിനൻസാണെങ്കിൽ വാങ്ങണം. ഓർഡിനൻസ് നേരിട്ട് നിയമമാവുകയാണ്. ഇത് നമുക്ക് പാസ്സാക്കുന്നതിന് ഒരു തടസ്സവുമില്ല. പക്ഷേ ആ നിയമം പ്രായോഗികതലത്തിൽ വരണമെങ്കിൽ രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചശേഷം

മാത്രമേ സാധിക്കൂ.

മി.സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് സംസാരിക്കുന്നുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇതിൽ ഒറ്റ clause മാത്രമേയുള്ളൂ. നമ്മുടെ സമൂഹമൊന്നാകെ അഭിമുഖീകരിക്കുന്ന ഒരു പ്രശ്നമാണ്. ഇത് നമ്മുടെ സമൂഹത്തിൽ നിലനിന്നിരുന്ന ഒരു തെറ്റ് തിരുത്താൻ കൊണ്ടുവന്ന ഒരു നിയമമാണ്. ഒരു വ്യക്തി/പുരുഷൻ മരണശാസനം കൂടാതെ മരിക്കുന്നുവെങ്കിൽ അദ്ദേഹത്തിന്റെ വസ്തു പുത്രൻ/പുത്രി/വിധവ/മാതാവ് ഈ നാലുവിഭാഗത്തിലേക്ക് വന്നിരിക്കും. മരണപത്രം എഴുതിവയ്ക്കാതെ മരിക്കുന്ന ഒരു ഹിന്ദുപുരുഷന്റെ അവകാശികൾ ഭാര്യ/മകൻ/മകൾ/മാതാവ് എന്നിവരാണ്. അങ്ങനെ വരുന്ന അവകാശം കിട്ടിയ മാതാവ് മരിക്കുമ്പോൾ ഇന്ന് നിലവിലുള്ള വ്യവസ്ഥയനുസരിച്ച് ആ കുടുംബത്തിലെ എല്ലാവർക്കും അവകാശം വരികയാണ്. പക്ഷേ ആ പുരുഷൻ ജീവിച്ചിരുന്നുവെങ്കിൽ, ആ പുരുഷന് കിട്ടേണ്ട അവകാശമാണ് ആ മാതാവിന് ലഭിച്ചിരിക്കുന്നത്. അത് ആ പുരുഷന്റെ തന്നെ മകൻ/മകൾ/ഭാര്യയിലേക്ക് ലഭിക്കുന്ന വിധത്തിലുള്ള ഒരു മാറ്റമാണ്. ഇത് എല്ലാവരും ആഗ്രഹിക്കുന്ന ഒരു മാറ്റമാണ്. നമ്മുടെ ഈ നിയമത്തിലുള്ള അപാകതമൂലം പലർക്കും പലവിധത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെയൊരു

ബിൽ അവതരിപ്പിക്കുന്നത്. ഇത് സഭയുടെ എല്ലാ ഭാഗത്തുനിന്നുള്ള പിന്തുണയും നൽകി പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്. സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നതിനുള്ള പ്രമേയമാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.